LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി&സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻമുഖേന സംഭരിച്ച് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന ഏതെങ്കിലും മരുന്നുകളെക്കുറിച്ച് എന്തെങ്കിലും തരത്തിലുള്ള പരാതികൾ ഉണ്ടായാൽ പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗവും വിതരണവും നിർത്തിവയ്ക്കുവാനും ഈ വിവരം ആശുപത്രികളെ അറിയിക്കുവാനും ഉള്ള നിർദ്ദേശം അതാത് ജില്ലാ വെയർഹൗസുകൾക്ക് നൽകാറുണ്ട്. തുടർന്ന് പരാതി ഉയർന്ന ആശുപത്രിയിൽനിന്നും പരാതി ഉണ്ടായ ബാച്ചിൽപ്പെട്ട മരുന്ന് ശേഖരിച്ച് വിശദമായ പരിശോധനയ്ക്കായി അപ്പലേറ്റ് ലബോറട്ടറിയായ തിരുവനന്തപുരത്തുള്ള ഗവൺമെന്റ് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുകയും ഇവിടെനിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്.

ഹോമിയോ മെഡിക്കൽ കോളേജുകളിലെ തസ്തികകളുടെ സ്പെഷ്യൽ റൂൾ പരിഷ്കരണം

125 (817) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.സി.എച്ച്., യു.ജി.സി. എന്നിവയുടെ നിർദ്ദേശപ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ വിവിധ തസ്തികകളുടെ സ്പെഷ്യൽ റൂൾ പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ;

(ബി) സ്പെഷ്യൽ റൂൾ ഇല്ലാത്തതിനാൽ മെഡിക്കൽ കോളേജിലെ ടീച്ചിംഗ് ഉൾപ്പെടെയുള്ള തസ്തികകളിൽ നിയമനം നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതുവരെ നിർദ്ദിഷ്ട സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ എക്സ്കൈട്ടീവ് ഉത്തരവിലൂടെ സ്ഥിരനിയമനത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതിന് കാലതാമസം ഉള്ളതിനാൽ എൻ.ടി. കേഡറിലുള്ള ലക്ചറർ/അസിസ്റ്റന്റ്/പ്രൊഫസർ തസ്തികയുടെ നിയമനത്തിന് എക്സ്കൈട്ടീവ് ഓർഡർ പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ കരട് പി.എസ്.സി.-യുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്.